## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3779 | 23.08. 2017 ൽ മറുപടിക്ക്

### ഊർജ്ജ സംരക്ഷണം

**ചോദ്യം**

ശ്രീ.പി.കെ.ശശി
" പി.ടി.എ.റഹീം
" പി.വി.അൻവർ
" വി.അബ്ദുറഹിമാൻ

**ഉത്തരം**

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപഭോഗം പരമാവധി കുറച്ചു കൊണ്ടുള്ള ഊർജ്ജ സംരക്ഷണത്തിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് | (എ) വൈദ്യുതി പ്രതിസന്ധി രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ഊർജ്ജ സംരക്ഷണത്തിനായി കെ.എസ്.ഇ.ബി താഴെ പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.<br>1. സി.എഫ്.എൽ/സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതിയും ആലോചനയിലാണ്.<br>2. വൈദ്യുതി ബോർഡിന്റെ കെട്ടിടങ്ങളിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുന്നു.<br>3. കുടിവെള്ള പദ്ധതികളിലെ പഴയതും ഊർജ്ജക്ഷമതയില്ലാത്തതുമായ പമ്പിംഗ് സംവിധാനം മാറ്റി ഊർജ്ജക്ഷമതയുള്ള സംവിധാനം സ്ഥാപിക്കുന്ന പദ്ധതി.<br>4. സംസ്ഥാനത്ത് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ജലം ചൂടാക്കുന്നതിന് വൈദ്യുതി, ഫോസിൽ ഇന്ധനങ്ങൾ മുതലായവ ഒഴിവാക്കി പരിസ്ഥിതി സൗഹൃദപരമായ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഇ.ബി.എൽ - ന്റെ 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക് ഗീസറുകൾ മാറ്റി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടമായി 24 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. |

| | |
|---|---|
| | കൂടാതെ കെട്ടിടങ്ങൾ ഊർജ്ജകാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെയും ഊർജ്ജസംരക്ഷണ നിയമ വകുപ്പനുസരിച്ചും സംസ്ഥാന ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.<br>ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങൾ പണിയുന്നതിനായി ബിൽഡിംഗ് കോഡനുസരിച്ചുള്ള പ്രാഥമിക നടപടികൾ എനർജി മാനേജ്മെന്റ് സെന്റർ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങൾ മാതൃകാ ഊർജ്ജ കാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിന് സിവിൽ സ്റ്റേഷനുകൾ ഹോസ്പിറ്റലുകൾ മറ്റ് കെട്ടിടങ്ങൾ എന്നിവിടങ്ങൾ മുഖേന ഓഡിറ്റ് നടത്തി റിപ്പോർട്ട് നടപ്പിലാക്കിവരുന്നു.<br>മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്തുകൾ എന്ന ആശയത്തോടുകൂടി തെരഞ്ഞെടുത്ത പഞ്ചായത്തുകൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന് ഇ.എം.സി.(എനർജി മാനേജ്മെന്റ് സെന്റർ) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഉപഭോക്താക്കൾക്ക് കാര്യക്ഷമതയുള്ള വൈദ്യുതോപകരണങ്ങൾ,എൽ.ഇ.ഡി- ബൾബുകൾ എന്നിവ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) ഉണ്ട്. സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി മിഷൻ പങ്കാളികൾ ആയ ഇ.ഇ.എസ്.എൽ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്ട്സ് എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തു വരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ ഒരു കോടിയിലേറെ ബൾബുകൾ വിതരണം ചെയ്ത് കഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ